19. പ്രൈവറ്റ് ഗായകസംഘങ്ങളിൽ പ്രവർത്തിക്കുന്നവർ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാംഗങ്ങളാണെന്ന് വികാരിമാർ സാക്ഷ്യപ്പെടുത്തിയ കത്തിനോടൊപ്പം അംഗങ്ങളുടെ പൂർണ്ണ വിവരങ്ങൾ ശ്രുതിയിൽ നിന്നു ലഭിക്കുന്ന അപേക്ഷാ ഫോറത്തിൽ രേഖപ്പെടുത്തി അവിടെ തന്നെ തിരിച്ചുനൽകേണ്ടതാണ്.

20. പ്രാർത്ഥനകളും സംഗീതങ്ങളും സംഘമായിത്തന്നെ ചൊല്ലുവാൻതക്ക ശബ്ദ സംവിധാനങ്ങൾ ക്രമീകരിക്കേണ്ടതും, സഭയുടെ ആരാധനയുടെ ഭംഗിയും ഭക്തിയും നിലനിർത്തുവാൻ പ്രയോജനപ്പെടുന്ന ഒരു സംഗീതോപകരണം (ഓർഗൻ) മാത്രം പ്രൈവറ്റ് ഗായകസംഘങ്ങളിൽ ഉപയോഗിക്കുകയും ചെയ്യാവുന്നതാണ്.

21. കോട്ടയം ശ്രുതി ആരാധനാസംഗീത വിദ്യാലയത്തിൽ രെജിസ്ട്രേഷൻ നടത്തിയിട്ടുള്ള ഓർത്തഡോക്സ് സഭാംഗങ്ങളായവരെ മാത്രമേ കൂദാശകളിലും മറ്റു ശുശ്രൂഷകളിലും സംബന്ധിക്കുവാൻ ഇടവക വികാരിമാർ അനുവദിക്കുവാൻ പാടുള്ളൂ. പ്രൈവറ്റ് ഗായകസംഘങ്ങളിൽ അംഗങ്ങളായിരിക്കുന്നവർ എല്ലാം തന്നെ ശ്രുതിയിൽ നിന്നു ലഭിക്കുന്ന ഐഡന്റിറ്റി കാർഡ് ബാഡ്ജായി ധരിച്ചു മാത്രമേ ശുശ്രൂഷകളിൽ സംബന്ധിക്കുവാൻ പാടുള്ളൂ.

22. ഇടവകവികാരിമാരുടെ അനുവാദമില്ലാതെ പ്രൈവറ്റ് ഗായകസംഘങ്ങൾക്ക് ഇടവകകളിൽ പ്രവർത്തിക്കാവുന്നതല്ല. പ്രൈവറ്റ് ഗായകസംഘങ്ങളുടെ ഇടവകയിലെ പ്രവർത്തനം ഇടവക വികാരിമാരുടെ പൂർണ്ണ നിയന്ത്രണത്തിൻ കീഴിൽ മാത്രമായിരിക്കുന്നതാണ്.

23. പ്രൈവറ്റ് ഗായകസംഘങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് ആർക്കെങ്കിലും പരാതികൾ ഉണ്ടായാൽ ആ വിവരം അവർ രേഖാമൂലം ശ്രുതി ആരാധനാ സംഗീത വിദ്യാലയത്തിൽ അറിയിക്കുകയും, പരാതിയുടെ ഒരു കോപ്പി സംഘങ്ങളുടെ പ്രവർത്തനപരിധിയിലുള്ള ഭദ്രാസന മെത്രാപ്പോലീത്താമാർക്കു സമർപ്പിക്കുകയും ചെയ്യേണ്ടതാണ്. ശ്രുതിയുടെ കാര്യാലയം അതാതു ഭദ്രാസന മെത്രാപ്പോലീത്തന്മാരുടെ അറിവോടും അംഗീകാരത്തോടുംകൂടി പരാതികളിന്മേൽ നടപടി സ്വീകരിക്കേണ്ടതാണ്.

24. പ്രൈവറ്റ് ഗായകസംഘങ്ങളുടെ വരവു-ചെലവു കണക്കുകളുടെ വിനിയോഗവും ചുമതലയും അവരവർ തന്നെ സൂക്ഷിക്കേണ്ടതും ഇടവകകളോ, സഭയിലെ പ്രാസ്ഥാനങ്ങളോ നൽകുന്ന തുകയുടെ വൗച്ചർ ആവശ്യപ്പെടുന്നപക്ഷം അവ ഒപ്പിട്ടു നൽകേണ്ടതുമാണ്.

## C. മോനിറ്ററിംഗ് കമ്മറ്റി

25. ഇടവക ഗായകസംഘങ്ങളും പ്രൈവറ്റ് ഗായകസംഘങ്ങളും, സഭ അംഗീകരിച്ച നൽകിയിരിക്കുന്ന പ്രവർത്തനരൂപരേഖ അനുസരിച്ചും സഭയുടെ ആരാധനാ വിശ്വാസപാരമ്പര്യം അനുസരിച്ചുമാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തുവാൻ തക്കവണ്ണം ഒരു മോണിറ്ററിംഗ് കമ്മറ്റിയെ ഭദ്രാസനതലത്തിൽ ഭദ്രാസന മെത്രാപ്പോലീത്താമാർ നിയമിക്കേണ്ടതാണ്.

26. മോണിറ്ററിംഗ് കമ്മറ്റി ഗായകസംഘങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ശ്രുതിയുടെ കാര്യാലയം വഴി ആവശ്യംവേണ്ട നിർദ്ദേശങ്ങൾ ഗായകസംഘങ്ങൾക്ക് നൽകുകയും ചെയ്യേണ്ടതാണ്.

27. മോണിറ്ററിംഗ് കമ്മറ്റി കുറഞ്ഞത് വർഷത്തിൽ രണ്ടുതവണയെങ്കിലും കൂടേണ്ടതാണ്.

ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ